(സി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും സ്റ്റോറുകൾ നിർത്തലാക്കിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിൻെറ കാരണം വ്യക്തമാക്കുമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) 40 സ്റ്റോറുകൾ നിലവിലുണ്ട്.

(ബി) സർക്കിൾ സ്റ്റോറിൻെറ ചുമതല സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർക്കും റീജിയണൽ സ്റ്റോറിൻെറ ചുമതല എക്സിക്യൂട്ടീവ് എഞ്ചിനീയർക്കുമാണ്.

(സി) ഉണ്ട്.

(ഡി) ഇലക്ട്രിക്കൽ ഡിവിഷൻ സ്റ്റോറുകൾ നിർത്തലാക്കുകയും അതിനുപകരം സർക്കിൾ സ്റ്റോറുകൾ ആരംഭിക്കുകയുംചെയ്തു. ഒരു ഡിസ്ട്രിബ്യൂഷൻ സർക്കിളിൻെറ കീഴിലുള്ള മുഴുവൻ സെക്ഷനുകളുടെയും ഉപയോഗത്തിനുള്ള സാധനസാമഗ്രികൾ ശേഖരിച്ചു വയ്ക്കുന്നതിനും അവ ആവശ്യാനുസരണം വിതരണം ചെയ്യുന്നതിനുമുള്ള സംവിധാനങ്ങൾ ചെയ്തിട്ടുണ്ട്. മുൻപ് നിലവിലുണ്ടായിരുന്ന ഡിസ്ട്രിബ്യൂഷൻ ഡിവിഷൻ സ്റ്റോറുകളെക്കാൾ കാര്യക്ഷമമായി പ്രവർത്തിക്കുവാൻ ഈ ഡിസ്ട്രിബ്യൂഷൻ സ്റ്റോറുകൾക്കു സാധിക്കുന്നുണ്ട്. ഡിസ്ട്രിബ്യൂഷൻ സ്റ്റോറുകൾ ഇല്ലാത്ത ജില്ലകളിൽ അഞ്ച് സബ് സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്.

സിവിൽ സപ്ലൈസ് കോർപ്പറേഷനുണ്ടായ നഷ്ടം.

*58 [58] ശ്രീമതി ഭാർഗവി തങ്കപ്പൻ:

ശ്രീ. പി. കുമാരൻ:

,, കെ. ടി കണാരൻ:

,, എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന് 1986 മാർച്ച് 31 വരെയുള്ള നഷ്ടമെത്ര;

(ബി) കോർപ്പറേഷൻെറ എന്ന് വരെയുള്ള കണക്കുകളാണ് ഓഡിറ്റ് ചെയ്തിട്ടുള്ളത്?

ഭക്ഷ്യവും സിവിൽസപ്ലൈസ് വകുപ്പ് മന്ത്രി (ശ്രീ. യു. എ. ബീരാൻ):

(എ) താൽക്കാലിക കണക്കുകളനുസരിച്ച് 10,38,30,795 രൂപ നഷ്ടമുണ്ട്. എന്നാൽ വില കുറച്ച് അരി വിറ്റ വകയിൽ കോർപ്പറേഷൻ ഗവൺമെൻറിൽ നിന്ന് 25.19 കോടി രൂപ സബ്സിഡിയായി ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) 1981-82 വരെ.

LIBRARY ARCHIVES Kerala Legislative Assembly